ദീപിക
DEEPIKA, THE FIRST MALAYALAM DAILY ESTABLISHED 1887

# സൃഷ്ടി 2025 ഗ്രാൻഡ് ഫിനാലെയ്ക്ക് വേദിയായി അമൃത

**കൊച്ചി:** കുട്ടികളിലെ സർഗാത്മകതയും പ്രശ്ന പരിഹാര മികവും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സൃഷ്ടി 2025 ഹാക്കത്തൺ ഗ്രാൻഡ് ഫിനാലെയ്ക്ക് അമൃത വിശ്വവിദ്യാപീഠം വേദിയായി.



കേരളത്തിൽ ആദ്യമായി സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഹാക്കത്തണിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആറ് മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർഥികൾ പങ്കെടുത്തു.

അടൽ ഇന്നൊവേഷൻ മിഷൻ, സമഗ്ര ശിക്ഷ കേരള, ഐഇഇഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത വിശ്വ വിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചത്.

അടുത്ത തലമുറ റോബോട്ടിക്സ് മാതൃക അവതരിപ്പിച്ച തൃശൂർ അൻസാർ ഇംഗ്ലീഷ് സ്കൂളിൽ നിന്നുള്ള നാമിർ നിഷാദ്, കെ.എ. ഷാമിൽ , മുഹമ്മദ് ഷെഹ്സാൻ എന്നിവരടങ്ങുന്ന സംഘം ഹാക്കത്തണിൽ ഒന്നാം സ്ഥാനം നേടി.

എവിഎസ് ജിഎച്ച്എസ്എസിലെ വിദ്യാർഥി സംഘം രണ്ടാം സ്ഥാനവും കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂളിൽ നിന്നുള്ള വിദ്യാർഥി സംഘം മൂന്നാം സ്ഥാനവും നേടി.

കൊച്ചി അമൃത വിശ്വ വിദ്യാപീഠം കാമ്പസിൽ നടന്ന ഗ്രാൻഡ് ഫിനാലെ കെഎസ്ഇആർസി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു.

കേരള കൗമുദി
SINCE 1911
Ernakulam
04 Oct 2025

# സൃഷ്ടി 2005 ഹാക്കത്തൺ

കൊച്ചി: കുട്ടികളിലെ സർഗാത്മകതയും പ്രശ്നപരിഹാരമികവും കണ്ടെത്താൻ സംഘടിപ്പിച്ച സൃഷ്ടി 2025 ഹാക്കത്തണിൽ അടുത്ത തലമുറ റോബോട്ടിക്സ് മാതൃക അവതരിപ്പിച്ച തൃശ്ശൂർ അൻസാർ ഇംഗ്ലീഷ് സ്കൂളിലെ നാമിർ നിഷാദ്, കെ.എ. ഷാമിൽ, മുഹമ്മദ് ഷെഹ്സാൻ എന്നിവർ ഒന്നാം സ്ഥാനം നേടി. എ.വി.എസ് ജി.എച്ച്.എസ്.എസ് രണ്ടും കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂൾ മൂന്നും സ്ഥാനത്തെത്തി.

അടൽ ഇന്നവേഷൻ മിഷൻ, സമഗ്ര ശിക്ഷാ കേരള, ഐ.ഇ.ഇ.ഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത വിശ്വവിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചത്. പ്രാഥമിക ഘട്ടത്തിൽ മത്സരിച്ച 2320 പേരിൽ 43 പേരാണ് ഫൈനലിൽ കടന്നത്.

അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിൽ നടന്ന ഗ്രാൻഡ് ഫിനാലെ കെ.എസ്.ഇ.ആർ.സി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഷിപ്പ്‌യാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ എസ്. അനീഷ്, മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, അമൃത സ്കൂൾ ഓഫ് ആർട്സ് ഡീൻ പ്രൊഫ. യു. കൃഷ്ണകുമാർ, സമഗ്ര ശിക്ഷാ കേരള സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ബി. ഷാജി തുടങ്ങിയവർ പങ്കെടുത്തു.




KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

കേരള പ്രണാമം

# സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല ഹാക്കത്തൺ ഗ്രാന്റ് ഫിനാലെയ്ക്ക് വേദിയായി അമൃത



**കൊച്ചി**: കുട്ടികളിലെ സർഗാത്മകതയും പ്രശ്ന പരിഹാര മികവും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ അമൃത് വിശ്വവിദ്യാപീഠത്തിൽ സൃഷ്ടി 2025 എന്ന പേരിൽ ഹാക്കത്തൺ സംഘടിപ്പിച്ചു. കേരളത്തിൽ ആദ്യമായി സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഹാക്കത്തണിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. അടൽ ഇന്നവേഷൻ മിഷൻ, സമഗ്ര ശിക്ഷ കേരള, ഐഇഇഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത വിശ്വ വിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചത്. പ്രാഥമിക ഘട്ടത്തിൽ മത്സരിച്ച 2320 പേരിൽ നിന്ന് മികവ് തെളിയിച്ച 43 വിദ്യാർഥികളാണ് കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഫൈനലിൽ മത്സരിച്ചത്. ഇതിൽ മൂന്നിലൊന്ന് വിദ്യാർത്ഥികളും സർക്കാർ സ്കൂളുകളിൽ നിന്നാണെന്നതും ശ്രദ്ധേയമാണ്.

ഫൈനൽ വേദിയിൽ വെച്ച് നൽകുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് തത്സമയം പ്രശ്നപരിഹാരം കണ്ടെത്തുന്ന മേക്കത്തോൺ മാതൃകയിലാണ് സൃഷ്ടി 2025 വിദ്യാർത്ഥികൾക്കായി മത്സരം സംഘടിപ്പിച്ചത്. അടുത്ത തലമുറ റോബോട്ടിക്സ് മാതൃക അവതരിപ്പിച്ച തൃശൂർ അൻസാർ ഇംഗ്ലീഷ് സ്കൂളിൽ നിന്നുള്ള നാമിർ നിഷാദ്, ഷാമിൽ കെഐ, മുഹമ്മദ് ഷെഹ്സാൻ എന്നിവരടങ്ങുന്ന സംഘം ഹാക്കത്തണിൽ ഒന്നാം സ്ഥാനം നേടി. എവിഎസ് ജിഎച്ച്എസ്എസിലെ വിദ്യാർത്ഥി സംഘം രണ്ടാം സ്ഥാനവും കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥി സംഘം മൂന്നാം സ്ഥാനവും നേടി. കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഗ്രാന്റ് ഫിനാലെ കെഎസ്ഐആർസി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി. കെ. ജോസ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഷിപ്പ്യാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ അനീഷ് എസ്,

മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദ പുരി, അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സ് ഡീൻ പ്രൊഫ. യു. കൃഷ്ണകുമാർ, സമഗ്ര ശിക്ഷ കേരള സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഷാജി ബി. എന്നിവർക്കൊപ്പം അടൽ ഇന്നൊവേഷൻ മിഷൻ ഇന്നൊവേഷൻ പ്രതിനിധികളും ഐഇഇഇ കേരള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

മലയാള മനോരമ

# അമൃത വിശ്വവിദ്യാപീഠം ഹാക്കത്തൺ നടത്തി

കൊച്ചി● സ്കൂൾ വിദ്യാർഥികൾക്കായി അമൃത വിശ്വവിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചു. കെഎസ്ഇആർസി ചെയർമാൻ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ഷിപ്‌യാഡ് ഡപ്യൂട്ടി ജനറൽ മാനേജർ എസ്. അനീഷ്, മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, അമൃത സ്കൂൾ ഓഫ് ആർട്സ്, ഹ്യുമാനിറ്റീസ് ആൻഡ് കൊമേഴ്സ് ഡീൻ പ്രഫ. യു. കൃഷ്ണകുമാർ എന്നിവർ പങ്കെടുത്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾ പങ്കെടുത്ത പരിപാടിയിൽ തൃശൂർ അൻസാർ ഇംഗ്ലിഷ് സ്കൂളിൽ നിന്നുള്ള നാമിർ നിഷാദ്, കെ.എ.ഷാമിൽ, മുഹമ്മദ് ഷെഹ്സാൻ എന്നിവരടങ്ങുന്ന സംഘം ഒന്നാം സ്ഥാനം നേടി. എവിഎസ് ജിഎച്ച്എസ്എസ് രണ്ടാം സ്ഥാനവും, കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂൾ മൂന്നാം സ്ഥാനവും നേടി.

04/10/2025 | Kochi | Page : 13
Source : https://epaper.manoramaonline.com/

മാതൃഭൂമി

# കുട്ടികൾക്കായി ഹാക്കത്തൺ

കൊച്ചി ▸ 'സൃഷ്ടി 2025' ഹാക്കത്തണിനു വേദിയായി അമൃത വിശ്വവിദ്യാപീഠം കാമ്പസ്. കുട്ടികളിലെ സർഗാത്മകതയും പ്രശ്നപരിഹാര മികവും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ അടൽ ഇനവേഷൻ മിഷൻ, സമഗ്രശിക്ഷ കേരള, ഐഇഇഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത ഹാക്കത്തൺ സംഘടിപ്പിച്ചത്. പ്രാഥമികഘട്ടത്തിൽ മത്സരിച്ച 2320 പേരിൽനിന്ന് മികവുതെളിയിച്ച 43 വിദ്യാർഥികളാണ് കൊച്ചി അമൃത വിശ്വവിദ്യാപീഠം കാമ്പസിൽ നടന്ന ഫൈനലിൽ മത്സരിച്ചത്.ഫൈനൽ വേദിയിൽ നൽകുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് തത്സമയം പ്രശ്നപരിഹാരം കണ്ടെത്തുന്ന മേക്കത്തൺ മാതൃകയിലാണ് സൃഷ്ടി 2025 വിദ്യാർഥികൾക്കായി മത്സരം സംഘടിപ്പിച്ചത്. റോബോട്ടിക്സ് മാതൃക അവതരിപ്പിച്ച തൃശ്ശൂർ അൻസാർ ഇംഗ്ലീഷ് സ്കൂളിൽനിന്നുള്ള നാമിർ നിഷാദ്, ഷാമിൽ കെ.എ., മുഹമ്മദ് ഷെഹ്സാൻ എന്നിവരടങ്ങുന്ന സംഘം ഹാക്കത്തണിൽ ഒന്നാം സ്ഥാനം നേടി. എവിഎസ് ജിഎച്ച്എസ്എസിലെ വിദ്യാർഥിസംഘം രണ്ടാംസ്ഥാനവും കൊല്ലം ഐശ്വര്യ പബ്ലിക് സ്കൂളിൽ നിന്നുള്ള വിദ്യാർഥിസംഘം മൂന്നാംസ്ഥാനവും നേടി. ഗ്രാൻഡ് ഫിനാലെ കെഎസ്ഐആർസി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി.കെ. ജോസ് ഉദ്ഘാടനം ചെയ്തു.



സൃഷ്ടി ഹാക്കത്തണിൽ മാതൃകകൾ നിർമിക്കുന്ന വിദ്യാർഥികൾ

THE NEW
INDIAN
EXPRESS
[illegible] • FRIDAY • JANUARY [illegible] • [illegible] • CITY EDITION

# Hackathon for students conducted

EXPRESS NEWS SERVICE @Kochi

A HACKATHON for school students, SRISHTI 2025, was organised by Amrita Vishwa Vidyapeetham in collaboration with the Atal Innovation Mission, Samagra Shiksha Kerala, and IEEE. The programme for students from Classes 6 to Plus-Two aimed to foster creativity and problem-solving skills among children.

From a pool of 2,320 students, 43 participants were shortlisted for the finals held on Amrita Vishwa Vidyapeetham, Kochi campus. Notably, nearly one-third of the finalists came from government schools. The competition followed a makeathon format, where students were given hardware kits and asked to solve problems.

The first prize was awarded to Naamir Nishad, Shamil K A, and Muhammed Shehzan from Ansar English School, Thrissur. Vedik Vinod T and Ikshith K V from AVS GHSS Karivellur, Kannur, secured the second prize, while Aagney S Pillai and Madhav Raj from Aishwarya Public School, Kollam, secured the third prize.

veekshanam.com
വീക്ഷണം
VEEKSHANAM MALAYALAM DAILY . SINCE 1976

# ഹാക്കത്തൺ ഫിനാലെയ്ക്ക് വേദിയായി അമൃത

കൊച്ചി: കുട്ടികളിലെ സർഗാത്മകതയും പ്രശ്ന പരിഹാര മികവും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സൃഷ്ടി 2025 സംസ്ഥാന തല ഹാക്കത്തൺ ഫിനാലെയ്ക്ക് കൊച്ചി അമൃത വേദിയായി. കേരളത്തിൽ ആദ്യമായി സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഹാക്കത്തണിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. അടൽ ഇന്നവേഷൻ മിഷൻ, സമഗ്ര ശിക്ഷ കേരള, ഐഇഇഇ എന്നിവരുടെ സഹകരണത്തോടെയാണ് അമൃത വിശ്വ വിദ്യാപീഠം ഹാക്കത്തൺ സംഘടിപ്പിച്ചത്. പ്രാഥമിക ഘട്ടത്തിൽ മത്സരിച്ച 2320 പേരിൽ നിന്ന് മികവ് തെളിയിച്ച 43 വിദ്യാർഥികളാണ് കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഫൈനലിൽ മത്സരിച്ചത്. ഇതിൽ മൂന്നിലൊന്ന് വിദ്യാർത്ഥികളും സർക്കാര് സ്കൂളുകളിൽ നിന്നാണെന്നതും ശ്രദ്ധേയമാണ്. കൊച്ചി അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിൽ നടന്ന ഗ്രാന്റ് ഫിനാലെ കെഎസ്ഇആർസി ചെയർമാനും മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ടി. കെ. ജോസ് ഉദ്ഘാടനം ചെയ്തു.